2026
MAY
25
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper





## എബോള വ്യാപനം: ലോകാരോഗ്യസംഘടന ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു

**ന്യൂഡൽഹി:** ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഉഗാണ്ട എന്നീ രാജ്യങ്ങളിൽ എബോള രോഗബാധ അതിവേഗം പടരുന്ന സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന ആഗോള പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. അന്താരാഷ്ട്ര ഹെൽത്ത് റെഗുലേഷൻസ് പ്രകാരം, നിലവിലെ സാഹചര്യം അതീവ ഗുരുതരമാണെന്നും അന്താരാഷ്ട്ര തലത്തിൽ രോഗവ്യാപനത്തിന് സാധ്യതയുണ്ടെന്നും വിലയിരുത്തിയാണ് പ്രഖ്യാപനം നടത്തിയത്. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഉഗാണ്ട എന്നീ രാജ്യങ്ങളെ വിഴുങ്ങുന്ന എബോള 'ബുന്ദിബുഗ്യോ' വകഭേദത്തിന്റെ പശ്ചാത്തലത്തിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിലും അന്താരാഷ്ട്ര തലത്തിലും പ്രതിരോധ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ശക്തമാക്കുന്നു. ലോകാരോഗ്യ സംഘടന ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന് പിന്നാലെ, ആഫ്രിക്കൻ യൂണിയന്റെ കീഴിലുള്ള ആഫ്രിക്ക സി.ഡി.സി ഇതിനെ 'ഭൂഖണ്ഡാന്തര സുരക്ഷാ പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി' ഔദ്യോഗികമായി പ്രഖ്യാപിച്ചു. സ്ഥിതിഗതികൾ അതീവ ഗുരുതരമായി തുടരുന്ന സാഹചര്യത്തിൽ, മേയ് 22ന് കൂടിയ ലോകാരോഗ്യ സംഘടനയുടെ അന്താരാഷ്ട്ര ഹെൽത്ത് റെഗുലേഷൻസ് അടിയന്തര സമിതി, വിവിധ രാജ്യങ്ങൾക്കായി കർശനമായ താൽക്കാലിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിൽ രോഗ നിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ബുന്ദിബുഗ്യോ എബോള വകഭേദം സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ നിന്നും എത്തുന്ന, വ്യക്തമല്ലാത്ത കാരണങ്ങളാൽ കടുത്ത പനി ഉള്ള യാത്രക്കാരെ കൃത്യമായി കണ്ടെത്താനും, പരിശോധിക്കാനും, റിപ്പോർട്ട് ചെയ്യാനും, അവരെ മാറ്റിപ്പാർപ്പിച്ച് ചികിത്സ നൽകാനും കർശന നിർദ്ദേശം നൽകി. ബുന്ദിബുഗ്യോ എബോള ബാധ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിലേക്കുള്ള പൗരന്മാരുടെ യാത്രകൾ പരമാവധി ഒഴിവാക്കാൻ എല്ലാ രാജ്യങ്ങളോടും ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടു. സൗത്ത് സുഡാൻ ഉൾപ്പെടെ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയുമായും ഉഗാണ്ടയുമായും അതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ രോഗവ്യാപന സാധ്യത വളരെ കൂടുതലാണെന്ന് വിലയിരുത്തപ്പെടുന്നു. എബോള വൈറസ് കുടുംബത്തിലെ 'ബുന്ദിബുഗ്യോ' വകഭേദം മൂലമുണ്ടാകുന്ന മാരകമായ രക്തസ്രാവത്തോടുകൂടിയ ഒരു പനിയാണിത്. ബാധിക്കപ്പെടുന്നവരിൽ ആന്തരികവും ബാഹ്യവുമായ രക്തസ്രാവത്തിന് കാരണമാകുന്ന ഈ രോഗം, വളരെ ഉയർന്ന മരണനിരക്കുള്ള ( അതീവ ഗുരുതരമായ ഒന്നാണ്. നിലവിൽ സാധാരണ എബോളക്കെതിരെ ഉപയോഗിക്കുന്ന വാക്സിനുകൾ ഈ വകഭേദത്തിന് ഫലപ്രദമല്ല എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഇന്ത്യയിൽ ഇതുവരെ ബുന്ദിബുഗ്യോ വകഭേദം മൂലമുള്ള എബോള രോഗബാധയൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിലും മറ്റ് ബാധിത രാജ്യങ്ങളിലും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്തും, ലോകാരോഗ്യ സംഘടനയുടെ ശുപാർശകൾക്ക് അനുസൃതമായും, എല്ലാ ഇന്ത്യൻ പൗരന്മാരും അടുത്ത അറിയിപ്പ് ഉണ്ടാകുന്നത് വരെ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഉഗാണ്ട, സൗത്ത് സുഡാൻ എന്നീ രാജ്യങ്ങളിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചു.



നിലവിൽ ഈ രാജ്യങ്ങളിൽ താമസിക്കുന്നതോ അല്ലെങ്കിൽ അവിടെ യാത്ര ചെയ്യുന്നതോ ആയ ഇന്ത്യൻ പൗരന്മാർ, പ്രാദേശിക അധികാരികൾ പുറപ്പെടുവിക്കുന്ന പൊതുജനാരോഗ്യ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും അതീവ ജാഗ്രത പുലർത്താനും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകി.

## മുതിർന്ന പൗരന്മാർക്കായി 'ജീവൻ' ആപ്പും 'ശതായു' ഡാഷ്ബോർഡും പുറത്തിറക്കി

**ന്യൂഡൽഹി:** കേന്ദ്ര സാമൂഹ്യനീതിശാക്തീകരണ മന്ത്രാലയം മുതിർന്ന പൗരന്മാർക്കായി 'ജീവൻ' (ജോയിന്റ് എൽഡർലി എംപവർമെന്റ് ആന്റ് വെർച്വൽ അസിസ്റ്റൻസ് നെറ്റ്വർക്ക്) മൊബൈൽ ആപ്ലിക്കേഷനും, 'ശതായു' (സീനിയർ ഹോളിസ്റ്റിക് കെയർ അസിസ്റ്റൻസ് ആൻഡ് ട്രെയിനിംഗ് ഫോർ യുവർ യൂട്ടിലിറ്റി) ജെറിയാട്രിക് കെയർഗിവർ ഡാഷ്ബോർഡും പുറത്തിറക്കി. മുതിർന്ന പൗരന്മാരുടെ സുരക്ഷ, പരിചരണം, അന്തസ്സ്, ശാക്തീകരണം എന്നിവ ഉറപ്പാക്കുന്നതിനൊപ്പം അത്യാധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ രാജ്യത്ത് ശക്തമായൊരു വയോജന പരിചരണ വ്യവസ്ഥിതി കെട്ടിപ്പടുക്കുകയാണ് ഈ പദ്ധതികളുടെ ലക്ഷ്യം. രാജ്യത്തുടനീളം മുതിർന്ന പൗരന്മാർക്കുള്ള പിന്തുണാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള സുപ്രധാനമായൊരു പദ്ധതിയിലൂടെ കേന്ദ്ര സാമൂഹ്യനീതിശാക്തീകരണ മന്ത്രി ഡോ. വീരേന്ദ്ര കുമാർ മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വം, ക്ഷേമം, ആരോഗ്യപരിപാലന ലഭ്യത, സാമൂഹിക പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്. മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങളും ആശങ്കകളും പരിഹരിക്കുന്നതിനായുള്ള നിരവധി സവിശേഷതകൾ ആപ്പ് നൽകുന്നു. ഗവൺമെന്റ് പദ്ധതികളെയും ക്ഷേമ പരിപാടികളെയും കുറിച്ചുള്ള വിവരങ്ങൾ, അടിയന്തിര സഹായങ്ങളും പിന്തുണാ സേവനങ്ങളും, സാമൂഹ്യനീതിശാക്തീകരണ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രായമായ ഉപയോക്താക്കളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത്, ലളിതമായ ഉപയോഗക്രമവും എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന സംവിധാനങ്ങളുമായാണ് ഈ പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിരിക്കുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു കെയർ ഇക്കോണമി രൂപപ്പെടുത്തുക' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ ശിൽപ്പശാലയിലാണ് രാജ്യത്തെ വയോജന പരിചരണ സംവിധാനങ്ങൾ ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള 'ശതായു' ഡാഷ്ബോർഡ് പുറത്തിറക്കിയത്. മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ ജില്ലയിലോ സംസ്ഥാനത്തോ ലഭ്യമായ ജെറിയാട്രിക് കെയർഗിവർമാരുടെ (വയോജന പരിചരണ വിദഗ്ദ്ധർ) വിവരങ്ങൾ ഈ പ്ലാറ്റ്ഫോമിലൂടെ തത്സമയം അറിയാൻ സാധിക്കും. പരിചരണം ആവശ്യമുള്ള വയോജനങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഏറെ ആശ്വാസമേകുന്ന സവിശേഷതയാണിത്. എളുപ്പത്തിലുള്ള ഉപയോഗവും ഫലപ്രദമായ സേവന വിതരണവും ഉറപ്പാക്കുന്നതിനായി, ലളിതമായ പ്രവർത്തനരീതികളും എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന സംവിധാനങ്ങളുമായാണ് ഈ പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## 'ഭവ്യ' പദ്ധതി നടപ്പാക്കൽ; മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

**ന്യൂഡൽഹി:** രാജ്യത്തുടനീളം നിക്ഷേപ സജ്ജമായ ലോകോത്തര വ്യാവസായിക പാർക്കുകൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സുപ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഭവ്യ' നടപ്പാക്കുന്നതിന് വിശദമായ പ്രവർത്തന മാർഗനിർദേശങ്ങൾ കേന്ദ്ര വാണിജ്യവ്യവസായ മന്ത്രാലയത്തിന് കീഴിലെ ആഭ്യന്തര വ്യാപാര വ്യവസായ പ്രോത്സാഹന വകുപ്പ് പുറപ്പെടുവിച്ചു. ഇന്ത്യയുടെ ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്താനാണ് ഭവ്യ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2026-27 മുതൽ 2031-32 വരെ ആറുവർഷക്കാലയളവിൽ ഏകദേശം 33,660 കോടി രൂപയുടെ ആകെ സാമ്പത്തിക ചെലവിൽ 100 വ്യവസായ പാർക്കുകൾ വികസിപ്പിക്കാനാണ് പദ്ധതി വ്യവസ്ഥ ചെയ്യുന്നത്. ആദ്യഘട്ടത്തിൽ 50 വ്യവസായ പാർക്കുകൾ വരെ തിരഞ്ഞെടുക്കും. പദ്ധതിക്ക് കീഴിലെ വ്യവസായ പാർക്കുകളുടെ യോഗ്യതാ മാനദണ്ഡങ്ങൾ, തിരഞ്ഞെടുപ്പ് രീതി, തുക അനുവദിക്കുന്നതിലെ ഘടന, ഭരണനിർവഹണ സംവിധാനം, നിരീക്ഷണ സംവിധാനങ്ങൾ, പദ്ധതിനിർവഹണ രീതികൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര ചട്ടക്കൂട് ഈ മാർഗനിർദേശങ്ങളിൽ വ്യക്തമാക്കുന്നു. 'നിക്ഷേപ സജ്ജമായ' വ്യവസായ ആവാസവ്യവസ്ഥകൾ സൃഷ്ടിക്കുന്നതിലാണ് പദ്ധതി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഗ്രീൻഫീൽഡ് വ്യവസായ പാർക്കുകളുടെയും യോഗ്യതയുള്ള ബ്രൗൺഫീൽഡ് വ്യവസായ പാർക്കുകളുടെയും വികസനത്തിന് മാർഗനിർദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. മലയോര ഇതര സംസ്ഥാനങ്ങൾക്ക് കുറഞ്ഞത് 100 ഏക്കറും മലയോര സംസ്ഥാനങ്ങൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ എന്നിവയ്ക്ക് 25 ഏക്കറും ഭൂമി അടിസ്ഥാന ആവശ്യകതയായി നിശ്ചയിച്ചിട്ടുണ്ട്. 1000 ഏക്കർ വരെ വിസ്തൃതിയുള്ള വലിയ പാർക്കുകളെ പരിഗണിക്കാനും പദ്ധതി അനുമതി നൽകുന്നു. മത്സരാധിഷ്ഠിത തിരഞ്ഞെടുപ്പ് ചട്ടക്കൂടിന് കീഴിൽ ബഹുതല ഗതാഗതസൗകര്യം, സ്ഥലത്തിന്റെ അനുയോജ്യത, അടിസ്ഥാനസൗകര്യങ്ങളുടെ ഗുണനിലവാരം, വ്യവസായ മേഖലയുടെ കരുത്ത്, നയപരമായ സൗകര്യങ്ങൾ, ഡിജിറ്റൽ ഭരണസജ്ജത, ദീർഘകാല സുസ്ഥിരത എന്നിവയുൾപ്പെടെ വസ്തുനിഷ്ഠ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നിർദേശങ്ങൾ വിലയിരുത്തുക.ഭൂഗർഭ വിതരണ ശൃംഖലകൾ, ജലമാലിന്യ സംസ്കരണ സൗകര്യങ്ങൾ, പൊതു മലിനജല സംസ്കരണ സംവിധാനങ്ങൾ, പുനരുപയോഗ ഊർജ്ജ അടിസ്ഥാനസൗകര്യം, തൊഴിലാളികളുടെ താമസസ്ഥലങ്ങൾ, ലബോറട്ടറികൾ, ഡിജിറ്റൽ ഏകജാലക സംവിധാനങ്ങൾ, നൈപുണ്യ വികസന സൗകര്യങ്ങൾ, സംയോജിത പൊതു അടിസ്ഥാനസൗകര്യം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അടിസ്ഥാനസൗകര്യ ഗുണനിലവാരം വിലയിരുത്തുകയെന്ന് മാർഗനിർദേശങ്ങൾ വ്യക്തമാക്കുന്നു.

2013ലെ കമ്പനി നിയമ പ്രകാരം രൂപീകരിക്കുന്ന പ്രത്യേക ലക്ഷ്യത്തോടുകൂടിയ കമ്പനികൾ (എസ്പിവി) വഴിയായിരിക്കും ഭവ്യ പദ്ധതിക്ക് കീഴിലെ സംരംഭങ്ങൾ നടപ്പാക്കുന്നത്. പദ്ധതി ആസൂത്രണം, വികസനം, പ്രവർത്തനം, നിർവഹണം, നിക്ഷേപ സൗകര്യങ്ങളൊരുക്കൽ, പദ്ധതിക്ക് കീഴിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ദീർഘകാല പരിപാലനം എന്നിവയ്ക്ക് ഇവ ഉത്തരവാദിത്തം വഹിക്കും.

എസ്പിവിയ്ക്ക് കൈമാറിയ ഭൂമിയുടെ മൂല്യവുമായി ബന്ധിപ്പിച്ചും നിർദിഷ്ട പദ്ധതി നാഴികക്കല്ലുകൾ കൈവരിക്കുന്നതിന്റെ അടിസ്ഥാനത്തിലും ഓഹരി സംഭാവനയുടെ രൂപത്തിലായിരിക്കും പദ്ധതിയുടെ സാമ്പത്തിക സഹായം നൽകുക. പദ്ധതി നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും പദ്ധതി നിർവഹണ ഏജൻസിയായി ദേശീയ വ്യാവസായിക ഇടനാഴി വികസന കോർപ്പറേഷനെ നിയോഗിച്ചിട്ടുണ്ട്.



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കാനറ ബാങ്ക് എറണാകുളം റീജണൽ ഓഫീസ് :** കാനറ ബാങ്ക് സ്പെഷൽ മെഗാ അദാലത്ത് രാവിലെ 10.30ന്.

■ **തൃക്കാക്കര കെ.എം.എം. കോളേജ് :** എം.ബി.എ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് സൗജന്യ കെ.മാറ്റ് പരിശീലനം രാവിലെ 9ന്

## പറവൂർ

■ **ഗവ. ഹയർ സെക്കൻഡറി സ്കൂൾ :** താൽക്കാലിക അധ്യാപക അഭിമുഖം രാവിലെ 11 ന് പാർട്ട് ടൈം അറബി, 12ന് പാർട്ട് ടൈം സംസ്കൃതം, ഉച്ചയ്ക്ക് 2ന് എച്ച്എസ്ടി ഫിസിക്കൽ സയൻസ്, 3ന് എഫ്ടിഎം.

■ **മടപ്ലാതുരുത്ത് ഒതുമ്പുംകാട്ട് ഭദ്രകാളി ധർമ്മശാസ്താ ധർമ്മ ദൈവ ക്ഷേത്രം :** പ്രതിഷ്ഠ ദിനവും സർപ്പപൂജകളും – രാവിലെ 5ന് തന്ത്രി തരണനെല്ലൂർ സജി നമ്പൂതിരിയുടെ മുഖ്യകാർമികത്വത്തിൽപള്ളിയുണർത്തൽ തുടർന്ന് നടതുറപ്പ്, വൈകിട്ട് 6.30ന് ദീപാരാധന, ചെ മേളം- പുത്തൻവേലിക്കര വിജയൻ മാരാരും സംഘവും .

## മൂവാറ്റുപുഴ

■ **എം.സി.എസ്. ആശുപത്രി:** കാർഡിയോളജി വിഭാഗം വാർഷിക ആഘോഷം രാവിലെ 9 മെഡിക്കൽ ക്യാമ്പ് ആശുപത്രി ചെയർമാൻ അഡ്വ. പി. എം. ഇസ്മായിൽ ഉദ്ഘാടനം നിർവഹിക്കും. വൈസ് ചെയർമാൻ സൂർജി എസ്തോസ് അധ്യക്ഷത വഹിക്കും. ഡോ. അജേഷ് അശോകൻ മുഖ്യപ്രഭാഷണം നടത്തും.

# കൊച്ചിക്ക് പുതിയ മുഖം; മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി

**കൊച്ചി:** കൊച്ചി നഗരത്തെ നിലവിലുള്ള അതിരുകൾക്കപ്പുറത്തേക്ക് വികസിപ്പിച്ച്, പുതിയ നഗര സങ്കല്പത്തിന് രൂപം നൽകുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു. സുഗമമായ ഗതാഗതവും അതിനൂതനമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി രാജ്യത്തിന് തന്നെ മാതൃകയാവുന്ന നഗരമാക്കി കൊച്ചിയെ മാറ്റും. പുതിയ അർബൻ പ്ലാനിംഗിന്റെ ഗുണഭോക്താക്കൾ നഗരവാസികൾ മാത്രമല്ല, തൊട്ടടുത്ത ഗ്രാമങ്ങളിൽ താമസിക്കുന്നവർ കൂടിയായിരിക്കും.

ഹൈദരാബാദിലും മദ്രാസിലും ചെയ്തതുപോലെ കേരളത്തിലെ സിനിമ ഇൻഡസ്ട്രിയുടെ ആസ്ഥാനമാക്കി എറണാകുളത്തെ വളർത്തണം. ടൂറിസം മേഖലയിലെ അത്ഭുതകരമായ സാധ്യതകളും പ്രയോജനപ്പെടുത്തണം. ഇതിനായി അടുത്ത 6 മാസത്തിനുള്ളിൽ കൃത്യമായ മാസ്റ്റർ പ്ലാൻ തയാറാക്കും. മുഖ്യമന്ത്രിയായ താനും ജില്ലയിലെ മൂന്ന് മന്ത്രിമാരും എം.പിമാരും 14 എം.എൽ.എമാരും ഒരുമിച്ച് നിന്ന് ഈ ലക്ഷ്യങ്ങൾ സാധ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# മന്ത്രി റോജി എം ജോണിനും, എംഎൽഎ മനോജ് മൂത്തേടനും സ്വീകരണം നൽകി



**കൊച്ചി:** എറണാകുളം അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി. എം. ജോണിനും പെരുമ്പാവൂർ എം.എൽ.എ മനോജ് മൂത്തേടനും പാസ്റ്ററൽ കൗൺസിൽ സ്വീകരണം നൽകി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി പൊന്നാടയണിയിച്ചു സ്വീകരിച്ചു.

പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ ബിസിനസ് യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. അതിരൂപതയുടെ വിവിധ മേഖലകളിൽ നിന്നുള്ള വിശ്വാസികളും, വൈദികരും സന്യസ്തരുമടക്കം നൂറ്റമ്പതോളം പേർ പങ്കെടുത്തു. മെത്രാപ്പൊലീത്തൻ വികാരി ആർച്ച്ബിഷപ്പ് ജോസഫ് പാംബ്ലാനി യോഗം ഉദ്ഘാടനം ചെയ്തു.

വികാരി ജനറൽമാരായ ഫാ.ജിമ്മി പൂച്ചക്കാട്ട്, ഫാ.ജോസ് പുതിയേടത്ത്, ഫാ.ആന്റോ ചേരാംതുരുത്തി എന്നിവർ പ്രസംഗിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഷൈജു ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു, ജോയിന്റ് സെക്രട്ടറി ജയിനി സംരാജ് വിവിധ വിഷയങ്ങളിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. എക്സിക്യൂട്ടീവ് മെമ്പർ റിജു കാഞ്ഞൂക്കാരൻ സ്വാഗതവും, ഫാ.സണ്ണി കളപുരക്കൽ നന്ദിയും പറഞ്ഞു.

# സൗജന്യമായി കൃത്രിമ കൈ വെച്ച് കൊടുക്കുന്നു

**കൊച്ചി:** റോട്ടറി ഡിസ്ട്രിക്റ്റ് 3205ന്റെ സാമൂഹ്യ സേവനത്തിന്റെ ഭാഗമായി റോട്ടറി ക്ലബ് ഓഫ് കളമശ്ശേരിയും അമേരിക്കയിലെ എല്ലൻ മേഡോസ് പോസ്തെറ്റിക് ഹാൻഡ് ഫൗണ്ടേഷനും എറണാകുളം ജില്ലാ പഞ്ചായത്ത്, കൊച്ചി മെട്രോ എന്നിവയുടെ സഹകരണത്തോടെ മുട്ടിനു താഴെ കൈ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി കൃത്രിമ കൈ വെച്ചു കൊടുക്കുന്നു. ജൂൺ 30ന് കാക്കനാട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുന്ന ക്യാമ്പിലാണ് കൃത്രിമ കൈ വെച്ചു കൊടുക്കുന്നത്. താൽപ്പര്യമുള്ളവർ 9645750442, 9447001124, 9847460511 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേർ രജിസ്റ്റർ ചെയ്യണമെന്ന് ക്യാമ്പ് കോർഡിനേറ്റർ തോമസ് വർഗീസ് പറഞ്ഞു.

# വി.ഐ.പി മെഡിക്കൽ ഡ്യൂട്ടി: മുഖ്യമന്ത്രിയുടെ നിലപാട് മാതൃകാപരം; സ്വാഗതം ചെയ്യുന്നുവെന്ന് കെ.ജി.എം.ഒ.എ

**കൊച്ചി:** വി.ഐ.പികൾക്കായി സർക്കാർ മെഡിക്കൽ സംഘങ്ങളെ അനാവശ്യമായി നിയോഗിക്കുന്നതിനെതിരെ മുഖ്യമന്ത്രി വി. ഡി. സതീശൻ സ്വീകരിച്ച മാതൃകാപരമായ നിലപാട് സ്വാഗതാർഹമാണെന്നും മറ്റ് ജനപ്രതിനിധികളും അധികാരികളും ഇതേ നിലപാട് സ്വകരിക്കണമെന്നും കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

മേയ് 23ന് നടന്ന മുഖ്യമന്ത്രിയുടെ ഔദ്യോഗിക പരിപാടിയുടെ ഭാഗമായി പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ നിന്നും ഡി.എം.ഒ നിയോഗിച്ച മെഡിക്കൽ സംഘത്തെ, തനിക്ക് പ്രത്യേക മെഡിക്കൽ സംഘത്തിന്റെ ആവശ്യമില്ലെന്ന് വ്യക്തമാക്കി മുഖ്യമന്ത്രി തിരിച്ചയച്ചു. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ കടുത്ത ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ഇടപെടൽ സമയോചിതവും പ്രശംസനീയവുമാണെന്ന് കെ.ജി.എം.ഒ.എ വ്യക്തമാക്കി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രികൾ വരെയുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ എത്തുന്ന സാധാരണക്കാരായ രോഗികളുടെ ചികിത്സയ്ക്കായി ഉള്ളതാണ് സർക്കാർ ആരോഗ്യ സംവിധാനം. എന്നാൽ വി.ഐ.പി അകമ്പടി, ഉത്സവങ്ങൾ, മേളകൾ, പരീക്ഷകൾ എന്നിവയ്ക്കായി മെഡിക്കൽ സംഘത്തെ പതിവായി നിയോഗിക്കുന്നതു മൂലം സർക്കാർ ആശുപത്രികളിൽ സാധാരണക്കാർക്ക് യഥാസമയം ചികിൽസ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്.

മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ പ്രായത്തെയും ആരോഗ്യത്തെ പരിഗണിച്ച് അദ്ദേഹത്തിന് മാത്രമായി ഏർപ്പെടുത്തിയ സൗകര്യം പിന്നീട് വന്ന സർക്കാരുകൾക്കായി മേലുദ്യോഗസ്ഥർ നിർബന്ധിത കീഴ്വഴക്കമായി മാറ്റുകയായിരുന്നു. ഇതു മൂലം ഉണ്ടാകുന്ന പ്രതിസന്ധികൾ സംബന്ധിച്ച് നിരവധി തവണ നിവേദനം നൽകിയെങ്കിലും നടപടിയുണ്ടായില്ല.

സംസ്ഥാനത്തുടനീളം മികച്ച ആശുപത്രികളും ആധുനിക ക്രിട്ടിക്കൽ കെയർ സൗകര്യങ്ങളും ഉള്ളപ്പോൾ വി.ഐ.പി വാഹനവ്യൂഹങ്ങളെ മെഡിക്കൽ സംഘങ്ങൾ അനുഗമിക്കുന്ന രീതി കാലഹരണപ്പെട്ടതാണ്. യാത്രാമാർഗ്ഗങ്ങളിലെയും വേദികളിലെയും ആശുപത്രികളുമായി മുൻകൂട്ടി ഏകോപനം നടത്തിയും ആവശ്യാനുസരണം എമർജൻസി മെഡിക്കൽ ടെക്നീഷ്യന്മാർ അടങ്ങിയ ആംബുലൻസ് സൗകര്യം ഉറപ്പാക്കിയും സേവനം ലഭ്യമാക്കാൻ സാധിക്കും.

സുരക്ഷാ മാനദണ്ഡങ്ങൾ അടങ്ങിയ 'ബ്ലൂ ബുക്ക്' പ്രോട്ടോക്കോൾ പ്രകാരമുള്ള അനിവാര്യ ഘട്ടങ്ങളിലും യഥാർത്ഥ അടിയന്തിര സാഹചര്യങ്ങളിലും മാത്രമേ മെഡിക്കൽ സംഘങ്ങളെ നിയോഗിക്കാവൂവെന്നും കെ.ജി.എം.ഒ.എ ജില്ലാ കമ്മിറ്റി വാർത്താക്കുറിപ്പിൽ അറിയിച്ചു.

# തൊഴിൽ ലക്ഷ്യമാക്കി ടെക് പരിശീലനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഐസിടാക് (ഐ.സി.ടി. അക്കാദമി ഓഫ് കേരള) എറണാകുളം കച്ചേരിപ്പടിയിലുള്ള ലേണിംഗ് ഹബ്ബിൽ ആരംഭിക്കുന്ന ഇൻഡസ്ട്രി റെഡിനെസ്സ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സർട്ടിഫൈഡ്

സ്പെഷ്യലിസ്റ്റ് ഇൻ ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് എന്നീ അത്യാധുനിക പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം.

വ്യവസായ മേഖലകളിൽ വർദ്ധിച്ചുവരുന്ന ഓട്ടോമേഷൻ, എ.ഐ അധിഷ്ഠിത തൊഴിലവസരങ്ങൾ എന്നിവ അനായാസം പ്രയോജനപ്പെടുത്താൻ ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്ന രീതിയിലാണ് ഇതിന്റെ സിലബസ് തയ്യാറാക്കിയിരിക്കുന്നത്. ഡീപ് ലേണിംഗ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് (NLP), കമ്പ്യൂട്ടർ വിഷൻ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിൽ അറിവ് നൽകുന്നതാണ് എ.ഐ ആൻഡ് മെഷീൻ ലേണിംഗ് കോഴ്സ്. താൽപ്പര്യമുള്ളവർ 2026 ജൂൺ 5ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. സീറ്റുകൾ പരിമിതമായതിനാൽ മുൻഗണനാടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

അപേക്ഷകൾ സമർപ്പിക്കുന്നതിനായി https://ictkerala.org/en/inter-tse/ എന്ന ലിങ്ക് സന്ദർശിക്കുക. കോഴ്സുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി എറണാകുളം നോർത്ത് കച്ചേരിപ്പടിയിലുള്ള ഐസിടാക് ലേണിംഗ് ഹബ്ബുമായി നേരിട്ടോ, 7594051437, 471 270 0811 എന്നീ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

# സംസ്ഥാനത്ത് സ്വപ്നതുല്യമായ വികസന പദ്ധതികൾ വരും: മുഖ്യമന്ത്രി വി.ഡി സതീശൻ

**കൊച്ചി:** കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ജനജീവിതത്തെയും ഉയർത്തുന്ന സ്വപ്നതുല്യമായ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. കൊച്ചിയിൽ പൗരാവലി ഒരുക്കിയ സ്വീകരണം ഏറ്റുവാങ്ങിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേവലം കൂറ്റൻ കെട്ടിടങ്ങളും നിർമ്മിതികളും ഉയരുന്നതല്ല വികസനം. സാധാരണ ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഉണ്ടാകുന്ന പുരോഗമനപരമായ മാറ്റമാണ് യഥാർത്ഥ വികസനം. വെല്ലുവിളികൾ ഏറെ ഉണ്ടെങ്കിലും അതിനെയെല്ലാം അതിജീവിച്ച് കേരളത്തെ മാറ്റിയെടുക്കാനുള്ള കൃത്യമായ കാഴ്ചപ്പാട് പുതിയ സർക്കാരിനുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. താൻ ധനകാര്യ വകുപ്പ് ഏറ്റെടുത്തത് മറ്റൊന്നും കൊണ്ടല്ല, അതൊരു ചലഞ്ചാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. ഖജനാവും സമ്പത്തും ജനങ്ങളുടേതാണ്. അതുകൊണ്ട് വികസനത്തിലൂടെ ഉണ്ടാകുന്ന സമ്പത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേക്കും നീതിപൂർവ്വമായി വിതരണം ചെയ്യും. കേരളത്തെ 'തുറമുഖ ഏവിയേഷൻ ഹബ്ബുകൾ ആക്കി മാറ്റുക എന്നത് ഉൾപ്പെടെയുള്ള സ്വപ്ന പദ്ധതികൾ പലതും സംസ്ഥാനത്ത് യാഥാർത്ഥ്യമാകും. വരുന്ന സംസ്ഥാന ബഡ്ജറ്റിൽ ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന വികസന മേഖലകളിൽ വലിയ പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി സൂചന നൽകി. ഒരു സമൂഹം പരിഷ്കൃതമാണോ എന്ന് അളക്കുന്നത് അവർ തങ്ങളുടെ മുതിർന്ന പൗരന്മാരോട് എങ്ങനെ പെരുമാറുന്നു എന്ന് നോക്കിയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ്, ഇന്ത്യയിൽ ആദ്യമായി മുതിർന്ന പൗരന്മാർക്കായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ ആദ്യ കാബിനറ്റിൽ തന്നെ തീരുമാനം എടുത്തത്. കേരളത്തിലെ കുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനും ജോലിക്കുമായി കൂട്ടത്തോടെ പുറത്തേക്ക് പോകുന്ന സാഹചര്യവും അതുവഴി ഉണ്ടാകുന്ന 'ബ്രെയിൻ ഡ്രെയിനും' തടയാൻ ക്രിയാത്മകമായ ഇടപെടലുകൾ നടത്തും. അവർക്ക് നാട്ടിൽ തന്നെ മികച്ച വിദ്യാഭ്യാസം ഉറപ്പാക്കാനും, പുതിയ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകി അവരെ ചേർത്തുപിടിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ മതനിരപേക്ഷത എന്നാൽ പാശ്ചാത്യ നാടുകളിലെപ്പോലെ മതത്തെ നിരാകരിക്കുന്നതല്ല, മറിച്ച് എല്ലാ മതങ്ങളെയും ഒന്നിച്ച് ചേർത്തുനിർത്തുന്ന 'ഇൻക്ലൂസീവ്' രീതിയാണ്. സഹോദര മതസ്ഥർക്ക് ഒരു ബുദ്ധിമുട്ട് വരുമ്പോൾ മുന്നിൽ നിന്ന് അവരെ സംരക്ഷിക്കുന്നതാണ് കേരളത്തിന്റെ ശൈലി. വർഗ്ഗീയതയോട് ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നും, ഇത് 'മതേതര കേരളമാണ്' എന്ന് ലോകത്തോട് അഭിമാനത്തോടെ വിളിച്ചുപറയാൻ നമുക്ക് കഴിയണമെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു. കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക അധ്യക്ഷയായി. ചലച്ചിത്ര താരം മമ്മൂട്ടി മുഖ്യാതിഥിയായിരുന്നു. മന്ത്രിമാരായ അനൂപ് ജേക്കബ്, റോജി എം. ജോൺ, വി. ഇ അബ്ദുൾ ഗഫൂർ, എം.പിമാർ, എം.എൽ.എമാർ, സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



*കൊച്ചിയിൽ പൗരാവലി ഒരുക്കിയ സ്വീകരണത്തിൽ മുഖ്യമന്ത്രി വി.ഡി സതീശനെ ചലച്ചിത്ര താരം മമ്മൂട്ടി പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ.*

# പര്യത്തുകാവ് നിവാസികളെ പെരുവഴിയിലാക്കില്ല: ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ

## * കേസ് സർക്കാർ ഏറ്റെടുക്കും
## * അനുകൂല വിധിയില്ലെങ്കിൽ പുനരധിവാസം

**കൊച്ചി:** പര്യത്തുകാവ് നിവാസികളെ പെരുവഴിയിലാക്കില്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ. മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ഉന്നതി നിവാസികളുടേയും ഉദ്യോഗസ്ഥരുടേയും ഉന്നതതല യോഗത്തിലാണ് ഈ തീരുമാനം അറിയിച്ചത്. സർക്കാർ ഏറെ പ്രാധാന്യത്തോടെയാണ് ഈ വിഷയത്തെ കാണുന്നത്. മുഖ്യമന്ത്രി വി.ഡി സതീശനുമായി വിഷയം ചർച്ച ചെയ്തിരുന്നു. പതിറ്റാണ്ടുകളായി ഉന്നതി നിവാസികൾ തുടർന്നു വരുന്ന നിയമ പോരാട്ടം സർക്കാർ ഏറ്റെടുക്കുകയാണ്. തിങ്കളാഴ്ച ഹൈക്കോടതിയെ സമീപിക്കും. പൂർണ്ണമായും ഇവിടുത്തെ കുടുംബങ്ങളെ വിശ്വാസത്തിലെടുത്താണ് സർക്കാർ മുന്നോട്ടുപോവുക. നിലവിലെ അവരുടെ അഭിഭാഷകന് അഡ്വക്കേറ്റ് ജനറലുമായി അടിയന്തരമായി ആശയവിനിമയം നടത്താൻ സൗകര്യമൊരുക്കുമെന്നും മന്ത്രി പറഞ്ഞു. ഒരു കാരണവശാലും ഇവിടുത്തെ കുടുംബങ്ങളെ പെരുവഴിയിൽ ഇറക്കിവിടാൻ സർക്കാർ ഇടവരുത്തില്ലെന്നും അദ്ദേഹം പറഞ്ഞു. പരമാവധി നിയമപാരാട്ടം നടത്തും. കോടതിവിധി പ്രതികൂലമാകുന്ന സാഹചര്യമുണ്ടായാൽ സർക്കാർ അവർക്ക് വീടും സ്ഥലവും ഉൾപ്പെടെ നൽകി പുനരധിവസിപ്പിക്കും. തിങ്കളാഴ്ച കോടതിയെ സമീപിക്കുന്നത് വരെ വിഷയത്തിൽ പോലീസ് നടപടി ഉണ്ടാവില്ലെന്നും മന്ത്രി യോഗത്തിൽ അറിയിച്ചു.

പര്യത്തുകാവ് നിവാസികളായ ഏഴ് കുടുംബങ്ങളാണ് യോഗത്തിന് എത്തിയത്. അവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും സമയമെടുത്ത് ചോദിച്ചറിഞ്ഞ അദ്ദേഹം ഏതു ഘട്ടത്തിലും സർക്കാർ കൂടെയുണ്ടാകുമെന്ന് ഉറപ്പ് നൽകി. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ വി.പി സജീന്ദ്രൻ എം.എൽ.എ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി. ജേക്കബ്, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.എസ് സുദർശൻ, വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ശാരദ, വൈസ് പ്രസിഡന്റ് ഷമീർ തുകലിൽ, ഡെപ്യൂട്ടി കളക്ടർ വി.ഇ അബ്ബാസ്, കുന്നത്തുനാട് തഹസിൽദാർ എം.മായ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



*പര്യത്തുകാവ് ഉന്നതി ഭൂമി വിഷയവുമായി ബന്ധപ്പെട്ട് മന്ത്രി റോജി എം ജോണിന്റെ നേതൃത്തിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ നിനും.*

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി മൂന്ന് മാസം ദൈർഘ്യമുള്ള സൗജന്യ ഡാറ്റാ എൻട്രി, ഡി.ടി.പി കമ്പ്യൂട്ടർ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

അടിസ്ഥാന യോഗ്യത പ്ലസ് ടു. 18നും 25നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നിയമാനുസൃതമായ സ്റ്റൈപ്പന്റ് ലഭിക്കും. താല്പര്യമുള്ളവർ ഫോട്ടോ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മെയ് 23ന് വൈകുന്നേരം 4.30 ന് മുൻപ് ആലുവ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ : 0484-2623304, 9188581148.

## സൈക്കോളജിസ്റ്റ് ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ ജീവനി മെന്റൽ വെൽബീയിങ് പ്രോഗ്രാമിൽ 2026-27 അധ്യയന വർഷത്തേക്ക് കോളേജ് സൈക്കോളജിസ്റ്റുമാരുടെ (ഓൺ കോൺട്രാക്ട്) ഒഴിവുകളുണ്ട്.

റെഗുലർ പഠനത്തിലൂടെ സൈക്കോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. പ്രവൃത്തിപരിചയം അഭിലഷണീയം. നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം മെയ് 26 ന് രാവിലെ 10 ന് നേരിട്ട് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.maharajas.ac.in. സന്ദർശിക്കുക.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഡയറക്ടർ ജനറൽ ഓഫ് റീസെറ്റിൽമെന്റ് വിവിധ തസ്തികകളിലേക്ക് വിമുക്തഭടന്മാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ www.dgrddemp@dsew.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484-2422239.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കറക്കം





**ശ്രീ**നാഥ് ഭാസി, ഫെമിന ജോർജ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുഭാഷ് ലളിത സുബ്രഹ്മണ്യൻ സംവിധാനം ചെയ്യുന്ന'കറക്കം" എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി. മോളിവുഡിലേക്ക് തുടക്കം കുറിക്കുന്ന ക്രൗൺ സ്റ്റാർസ് എന്റർടൈൻമെന്റിന്റെ ബാനറിൽ കിംബർലി ട്രിനിഡെട്,അൻകുഷ് സിംഗ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന'കറക്കം 'മെയ് ഇരുപത്തിയെട്ടിന് പ്രദർശനത്തിനെത്തുന്നു. അഭിറാം രാധാകൃഷ്ണൻ, സിദ്ധാർഥ് ഭരതൻ, ജീൻ പോൾ ലാൽ,പ്രവീൺ ടി. ജെ, മണികണ്ഠൻ ആചാരി,ബിജു കുട്ടൻ,മിഥൂട്ടി,ഷോൺ റോമി, ലെനാസ് ബിച്ചു,ശാലു റഹിം, വിനീത് തട്ടിൽ, മനോജ് മോസസ്,കെയിൻ സണ്ണി, ശ്രാവൺ, വിഷ്ണു രഘു തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. നിപിൻ നാരായണൻ, സുഭാഷ് ലളിത സുബ്രഹ്മണ്യൻ, അർജുൻ നാരായണൻ എന്നിവർ ചേർന്ന് തിരക്കഥസംഭാഷണമെഴുതുന്നു. അൻവർ അലി, വിനായക് ശശികുമാർ, ഹരീഷ് മോഹനൻ എന്നിവരുടെ വരികൾക്ക് സാം സി എസ് സംഗീതം പകരുന്നു. ഛായാഗ്രാഹണം ബബ്ലു അജു, എഡിറ്റർ നിതിൻ രാജ് അരോൾ, കഥ ധനുഷ് വർഗീസ്, കലാസംവിധാനം രാജേഷ് പി. വേലായുധൻ, പ്രൊഡക്ഷൻ കൺട്രോളർ റിന്നി ദിവാകർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ പ്രശോഭ് വിജയൻ, ക്രിയേറ്റീവ് പ്രൊഡ്യൂസർ മോഹിത് ചൗധരി, വസ്ത്രാലങ്കാരം മെൽവി ജെയ്, മേക്കപ്പ്ആർ.ജി. വയനാടൻ,സഹ സംവിധായകൻ ജിതിൻ സി എസ്, കൊറിയോഗ്രാഫി ശ്രീജിത് ഡാൻസിറ്റി, വിഎഫ്എക്സ് ഡി .ടി.എം സ്റ്റുഡിയോസ്, സൗ് ഡിസൈൻ അരവിന്ദ്/എയൂഭ2, പ്രൊമോ എഡിറ്റിങ് ഡോൺ മാക്സ്, കാസ്റ്റിംഗ് ഡയറക്ടർജീവ ജനാർദ്ദനൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് വിനോഷ് കൈമൾ, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്ത്, മാർക്കറ്റിംഗ് ആന്റ് കമ്യൂണിക്കേഷൻ ഡോക്ടർ സംഗീത ജനചന്ദ്രൻ(സ്റ്റോറീസ് സോഷ്യൽ)പി ആർ ഒ എ എസ് ദിനേശ്.

# 'ഹീമാന്' ശബ്ദം നൽകി നടൻ ഉണ്ണി മുകുന്ദൻ




**ഹോ**ളിവുഡ് സിനിമാലോകം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സോണി പിക്ചേഴ്സ്-എംജിഎം ലൈവ്ആക്ഷൻ ഫാന്റസി ചിത്രം 'മാസ്റ്റേഴ്സ് ഓഫ് ദ് യൂണിവേഴ്സ്' ഔദ്യോഗിക മലയാളം പതിപ്പിൽ നായക കഥാപാത്രമായ 'ഹീമാന്' ശബ്ദം നൽകി നടൻ ഉണ്ണി മുകുന്ദൻ. എംജിഎം, സോണി പിക്ച്ചേഴ്സ് പോലുള്ള ഹോളിവുഡ് സ്റ്റുഡിയോസുമായി സഹകരിക്കുന്ന ആദ്യ മലയാള നടൻ കൂടിയാണ് ഉണ്ണി മുകുന്ദൻ. കോമിക്സുകളിലൂടെയും ടെലിവിഷൻ സ്ക്രീനുകളിലൂടെയും ലോകമെമ്പാടുമുള്ള സിനിമാപ്രേമികളെ ആവേശത്തിലാഴ്ത്തിയ ഇതിഹാസ കഥാപാത്രത്തിന് ശബ്ദം പകരാൻ കഴിഞ്ഞത് തന്റെ ജീവിതം പൂർണമാക്കിയ നിമിഷമാണെന്ന് താരം സമൂഹ മാധ്യമങ്ങളിൽ പങ്കുവെച്ച കുറിപ്പിൽ വ്യക്തമാക്കി. തൊണ്ണൂറുകളിൽ വളർന്ന ഏതൊരു കുട്ടിയെയും പോലെ തനിക്കും ഹീമാൻ വെറുമൊരു കാർട്ടൂൺ കഥാപാത്രമായിരുന്നില്ലെന്നും അജയ്യമായ കരുത്തിന്റെയും നീതിബോധത്തിന്റെയും പ്രതീകമായിരുന്നുവെന്നും ഉണ്ണി മുകുന്ദൻ ഓർത്തെടുത്തു. ഡബ്ബിങ് വേളയിൽ ചിത്രത്തിന്റെ ചില ഭാഗങ്ങൾ കണ്ടപ്പോൾ താൻ തികച്ചും വികാരാധീനനായെന്നും ഒരു അഭിനേതാവാണെന്ന കാര്യം പോലും മറന്ന് ഹീമാന്റെ മാന്ത്രിക പ്രപഞ്ചത്തിൽ അലിഞ്ഞുചേർന്ന ആ പഴയ കൊച്ചുകുട്ടിയായി മാറിയെന്നും താരം വെളിപ്പെടുത്തി. "സിനിമയുടെ വെള്ളിത്തിരകളിലും കോമിക്സിന്റെ താളുകളിലും ടെലിവിഷൻ സ്ക്രീനുകളിലും വിസ്മയം തീർത്ത, ലോകം കണ്ട ഏറ്റവും ജനപ്രിയനായ ആ ഇതിഹാസ നായകന് തന്റെ ശബ്ദം പകർന്നപ്പോൾ തൊണ്ണൂറുകളിൽ വളർന്ന ഏതൊരു കുട്ടിയെയും പോലെ, തനിക്കും ഹീമാൻ വെറുമൊരു കാർട്ടൂൺ കഥാപാത്രമായിരുന്നില്ല; മറിച്ച്, അജയ്യമായ കരുത്തിന്റെയും അചഞ്ചലമായ ധീരതയുടെയും നീതിബോധത്തിന്റെയും യഥാർത്ഥ പൗരുഷത്തിന്റെയും പ്രതീകമായിരുന്നു. സിനിമയെന്ന മായാലോകത്തിലേക്ക് ഉണ്ണിയെ ആദ്യമായി ആകർഷിച്ചത് കുട്ടിക്കാലത്ത് കണ്ട ഇത്തരം അമാനുഷിക നായകന്മാരായിരുന്നു. കാലം കടന്നുപോയപ്പോൾ അവർ വെറും 'കഥാപാത്രങ്ങൾ' അല്ലാതായി മാറി. തന്റെ കുട്ടിക്കാലത്തിന്റെ, ഭാവനയുടെ, ആത്മാവിന്റെ തന്നെ ഒരു അവിഭാജ്യ ഘടകമായി അവർ രൂപപ്പെടുകയായിരുന്നു.ഹീമാന്റെ ഔദ്യോഗിക ശബ്ദമാകാൻ കഴിഞ്ഞതിൽ താൻ അങ്ങേയറ്റം അനുഗ്രഹീതനാണെന്നും വൈകാരികമായി ഏറെ സന്തോഷത്തിലാണ് താനെന്നും ഉണ്ണി വ്യക്തമാക്കി.

# 'ഡ്രാഗൺ'



പ്രശാന്ത് നീൽ ജൂനിയർ എൻടിആർ ചിത്രമായ 'ഡ്രാഗൺ'ന്റെ ഗ്ലിംപ്സ് ജൂനിയർ എൻ ടി ആറിന്റെ പിറന്നാൾ ദിനത്തിൽ പുറത്തിറങ്ങി. എൻടിആറിനെ അതിവിശേഷ ലുക്കിലും ശക്തിയാർന്ന മാസ്സ് അവതാരത്തിലുമാണ് ടീസറിൽ അവതരിപ്പിച്ചിരിക്കുന്നത്. 'കെജിഎഫ്', 'സലാർ' എന്നീ ചിത്രങ്ങൾക്ക് ശേഷം പ്രശാന്ത് നീൽ ഒരുക്കുന്ന പുതിയ ചിത്രമായതിനാൽ പ്രഖ്യാപന നാൾ മുതൽ തന്നെ സിനിമാപ്രേമികളുടെ ശ്രദ്ധ ചിത്രം നേടിയിരുന്നു. അഞ്ച് ഭാഷകളിലായി പുറത്തിറങ്ങിയ ഗ്ലിംപ്സ് ഇതിനോടകം സോഷ്യൽ മീഡിയയിൽ വലിയ തരംഗം സൃഷ്ടിച്ചിരിക്കുകയാണ്. 2027 ജൂൺ 11നാണ് ചിത്രത്തിന്റെ വേൾഡ് വൈഡ് റിലീസ്. ജൂനിയർ എൻടിആറിനൊപ്പം രുക്മിണി വസന്ത് നായികയായെത്തുന്ന ചിത്രത്തിൽ അനിൽ കപൂർ, ബിജു മേനോൻ, ഖുശ്ബു സുന്ദർ, ഗുരു സോമസുന്ദരം, രാജീവ് കനകല, ആശുതോഷ് റാണ, അൻഷുമാൻ പുഷ്കർ, സിദ്ധാന്ത് ഗുപ്ത, പ്രഭാസ് ശ്രീനു, ശത്രു, ശിവ, ഭിമൽ ജീത് ഒബറോയ്, എൻതുതുസെലോ പ്രിൻസ് ഗ്രൂട്ട്ബൂം, അലക്സാർ മിസെവ്, ബെനഡിക്ട് പോൾ ഗാരറ്റ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. അഫ്ഗാൻ ട്രേഡിംഗ് കമ്പനി, ഗോൾഡൻ ട്രേഡിങ് കമ്പനികളുടെ പശ്ചാത്തലത്തിൽ ആക്ഷൻ, രാഷ്ട്രീയം, ക്രൈം ഘടകങ്ങൾ കോർത്തിണക്കിയ വമ്പൻ പാൻ ഇന്ത്യൻ സിനിമയായാണ് 'ഡ്രാഗൺ' ഒരുങ്ങുന്നത്. മൈത്രി മൂവി മേക്കേഴ്സ്, എൻടിആർ ആർട്സ് ബാനറുകളിൽ നന്ദമൂരി കല്യാൺ റാം, നവീൻ യേർനേനി, വൈ. രവി ശങ്കർ, കോസരാജു ഹരികൃഷ്ണ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. ഗുൽഷൻ കുമാർ, ഭൂഷൻ കുമാർ എന്നിവരുടെ ടി സീരീസാണ് ചിത്രം അവതരിപ്പിക്കുന്നത്. രവി ബസ്റൂർ സംഗീതം നിർവഹിക്കുന്ന ചിത്രത്തിന് ഭുവന ഗൗഡയാണ് ഛായാഗ്രഹണം. ടി. എൽ. വെങ്കടചലപതി പ്രൊഡക്ഷൻ ഡിസൈനറും പ്രണവ് ശ്രീ പ്രസാദ് എഡിറ്ററുമാണ്. പീറ്റർ ഹെയ്ൻ, ചേതൻ ഡിസൂസ എന്നിവർ സംഘട്ടന രംഗങ്ങൾ ഒരുക്കുമ്പോൾ രാഘവ് തമ്മാരെഡ്ഡിയാണ് വിഎഫ്എക്സ് സൂപ്പർവൈസർ. ദീപാലി നൂർ, അനൈത ശ്രോഫ് അദാജാനിയ എന്നിവർ വസ്ത്രാലങ്കാരവും എം. ആർ. രാജകൃഷ്ണൻ ശബ്ദ സംവിധാനവും നിർവഹിക്കുന്നു. പി ആർ ഓ : പ്രതീഷ് ശേഖർ.

# ഫഹദ് ഫാസിൽ സി. പ്രേം കുമാർ ചിത്രം പ്രഖ്യാപിച്ചു




**96,** 'മെയ്യഴഗൻ' എന്നീ ചിത്രങ്ങൾക്കു ശേഷം സംവിധായകൻ സി. പ്രേം കുമാർ ഒരുക്കുന്ന പുതിയ ചിത്രത്തിൽ ഫഹദ് ഫാസിലും ശിവദയും കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്നു. താൽക്കാലികമായി 'പ്രൊഡക്ഷൻ നമ്പർ 32' എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിന്റെ പൂജാ ചടങ്ങുകൾ ചെന്നൈയിൽ നടന്നു. ത്രില്ലർ ജോണറിലാണ് ഒരുങ്ങുന്നത് എന്ന് സംവിധായകൻ നേരത്തെ വെളിപ്പെടുത്തിയിരുന്നു. സി. പ്രേം കുമാറിന്റെ സ്ഥിരം സഹപ്രവർത്തകനായ ഹിറ്റ് മേക്കർ ഗോവിന്ദ് വസന്ത വീണ്ടും സംഗീത സംവിധാനം നിർവഹിക്കുന്ന ഈ ചിത്രം ഇഷാരി കെ. ഗണേഷ് അവതരിപ്പിക്കുന്നു. വേൽസ് ഫിലിം ഇന്റർനാഷണലും മൺസൂൺ മൂവീസും ചേർന്നാണ് ചിത്രത്തിന്റ നിർമ്മാണം നിർവഹിക്കുന്നത്. വടിവേലുവിനൊപ്പം 'മാരീസൻ' എന്ന ചിത്രത്തിൽ അവസാനമായി അഭിനയിച്ച ഫഹദ് ഫാസിലിന്റെ ആദ്യത്തെ തമിഴ് സോളോ ലീഡ് ചിത്രമെന്ന പ്രത്യേകതയും ഈ സിനിമയ്ക്കുണ്ട്. 'ഫഹദ് ഫാസിലിനൊപ്പമുള്ള എന്റെ പുതിയ ചിത്രം ഞാൻ ഇതുവരെ ചെയ്ത സിനിമകളിൽ നിന്നെല്ലാം വ്യത്യസ്തമായിരിക്കുമെന്ന് സംവിധായകൻ സി. പ്രേംകുമാർ പറഞ്ഞു. കഴിഞ്ഞ നാല് വർഷമായി മനസിൽ കൊണ്ടുനടക്കുന്ന ഒരു ആക്ഷൻ ത്രില്ലർ കഥയാണ് ഇത്. പലരും ഇത്തരമൊരു ജോണറിലേക്ക് പോകരുതെന്ന് ഉപദേശിച്ചെങ്കിലും അതാണ് എന്നെ കൂടുതൽ ആവേശത്തിലാക്കിയതെന്നും ഇത് ഒരു ഡയറക്ട് തമിഴ് സിനിമയായിരിക്കുമെന്നും അദ്ദേം വ്യക്തമാക്കി. ചിത്രത്തിൽ ചേതൻ, ഹരീഷ് ഉത്തമൻ, കരുണാകരൻ എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.'മെയ്യഴഗൻ' സിനിമയുടെ ഛായാഗ്രാഹകനായ മഹേന്ദ്രൻ ജയരാജു ക്യാമറ കൈകാര്യം ചെയ്യുന്ന ചിത്രത്തിന്റെ എഡിറ്റിംഗ് ആർ. ഗോവിന്ദരാജാണ് നിർവഹിക്കുന്നത്. പി ആർ ഒ- പ്രതീഷ് ശേഖർ.

# പ്രധാനമന്ത്രിയുടെ ആഹ്വാനം : സ്വാഗതം ചെയ്ത് ഹോട്ടൽ അസോസിയേഷൻ ഓഫ് ഇന്ത്യ

**കൊച്ചി:** വിനോദം, സമ്മേളനങ്ങൾ, പരിപാടികൾ, വിവാഹങ്ങൾ എന്നിവയ്ക്കായി വിദേശത്തെ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിനുപകരം രാജ്യത്തിനുള്ളിൽ യാത്ര ചെയ്യാൻ പൗരന്മാരെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനത്തെ ഹോട്ടൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എച്ച്എഐ) സ്വാഗതം ചെയ്തു.

അനിശ്ചിതമായ ആഗോള സാമ്പത്തിക സാഹചര്യങ്ങളിൽ വിദേശനാണ്യം സംരക്ഷിക്കുന്നതിന് ഈ സംരംഭം പിന്തുണ നൽകുന്നതോടൊപ്പം തന്നെ ഇന്ത്യയിലേയ്ക്കുള്ള വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ലോകത്തിലെ ഏറ്റവും ആകർഷകവും, ബിസിനസ്സ് യാത്ര, വിനോദസഞ്ചാരം, എംഐസിഇ ഡെസ്റ്റിനേഷൻ എന്നിവയ്ക്കുള്ള ഏറ്റവും പ്രിയപ്പെട്ടതുമായ ലക്ഷ്യസ്ഥാനങ്ങളിൽ ഒന്നായി രാജ്യത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിനുമുള്ള ദീർഘകാല അവസരം സൃഷ്ടിക്കുകയും ചെയ്യുമെന്ന് ഹോട്ടൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റും റാഡിസൺ ഹോട്ടൽ ഗ്രൂപ്പിന്റെ ദക്ഷിണേഷ്യ ചെയർമാനുമായ കെ.ബി. കച്രു പറഞ്ഞു,

ശരിയായ നയ പിന്തുണ, അടിസ്ഥാന സൗകര്യ വികസനം, ആഗോള തലത്തിൽ സ്ഥാനം ഉറപ്പിക്കൽ എന്നിവയുണ്ടായാൽ വിനോദസഞ്ചാരത്തിലൂടെ ഇന്ത്യയ്ക്ക് വിദേശനാണ്യ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും. വരും വർഷങ്ങളിൽ ഇന്ത്യയുടെ ഹോസ്പിറ്റാലിറ്റി മേഖലയുടെ വളർച്ചയിൽ നിർണായക പങ്ക് വഹിക്കുന്നത് രാജ്യത്തിനകത്തേക്കുള്ള വിനോദസഞ്ചാരമായിരിക്കും. വിനോദം, ബിസിനസ്സ്, വൈദ്യ ചികിത്സ, ആത്മീയം, സാംസ്കാരികം എന്നീ മേഖലകളിലായി ഇന്ത്യ കൂടുതൽ അന്താരാഷ്ട്ര സഞ്ചാരികളെ ആകർഷിക്കുന്നതിനാൽ ഈ മേഖല അതിന്റെ വലിയ തോത്, ഗുണനിലവാരം, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉപയോഗിച്ച് പ്രതികരിക്കേണ്ടതുണ്ട്. കേവലം ആവശ്യകത നിറവേറ്റുക എന്നതിലുപരി ആഗോളതലത്തിൽ മത്സര യോഗ്യവും സുസ്ഥിരവുമായ ഒരു വിനോദസഞ്ചാര ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ് ഇതിന്റെ കാതലെന്നും കെ.ബി. കച്രു പറഞ്ഞു,

# കുളവാഴയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ: പരിശീലന പരിപാടി സംഘടിപ്പിച്ചു



**കൊച്ചി:** ജലാശയങ്ങൾക്ക് ഭീഷണിയായ കുളവാഴയെ ഉപയോഗപ്രദമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി. കൊച്ചി ജെയിൻ സർവ്വകലാശാലയുടെ ഫ്യൂച്ചർ കേരളാ മിഷൻ, എം.പി.ഇ.ഡി.എ നെറ്റ്ഫിഷ് എന്നിവർ സംയുക്തമായാണ് നാല് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചത്. മെയ് 19 മുതൽ 22 വരെ നടന്ന പരിപാടിയിൽ എറണാകുളം വളന്തക്കാട്, കോട്ടയം ചെമ്മനാകരി എന്നിവിടങ്ങളിൽ നിന്നുള്ള 40 പട്ടികജാതി മത്സ്യത്തൊഴിലാളികളും കുടുംബാംഗങ്ങളും പങ്കെടുത്തു. വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനൊപ്പം അവയുടെ വിപണനം, ബ്രാന്റിംഗ്, സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാകുന്നതിനായുള്ള പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ക്ലാസുകളും ഉണ്ടായിരുന്നു. കുളവാഴയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക, ജലാശയങ്ങളുടെ പാരിസ്ഥിതിക പുനരുദ്ധാരണം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മുൻ അംബാസഡറും ഫ്യൂച്ചർ കേരളാ മിഷൻ ചെയർമാനുമായ പ്രൊഫ. വേണു രാജാമണി, ജെയിൻ സർവ്വകലാശാല ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കുളവാഴ നിർമാർജന സംരംഭങ്ങളുടെ ഭാഗമായാണ് ഈ പരിശീലനം. ഫ്യൂച്ചർ കേരളാ മിഷൻ സയന്റിഫിക് അഡ്വൈസർ പ്രൊഫ. ഡോ. ജി. നാഗേന്ദ്ര പ്രഭു, സ്കൂൾ ഓഫ് ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. സി. പി. രശ്മി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം പരിശീലനത്തിന് നേതൃത്വം നൽകി.

# ഓപ്റ്റിക്കൽ അസോസിയേഷൻ ജില്ല ത്രൈവാർഷിക സമ്മേളനം നടത്തി



**കൊച്ചി:** ആൾ കേരള ഓപ്റ്റിക്കൽ അസോസിയേഷൻ എറണാകുളം ജില്ല ത്രൈവാർഷിക സമ്മേളനവും 2026–29 കാലത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും കുടുംബ സംഗമവും നടത്തി. ജില്ലാ പ്രസിഡന്റ് പോൾ വെട്ടിക്കനാക്കുടി അധ്യക്ഷത വഹിച്ചു. കൊച്ചി മേയർ അഡ്വ. വി കെ മിനിമോൾ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എം പി സലീം ഹാജി പ്രഭാഷണം നടത്തി. വെൽഫെയർ ഫണ്ട് അംഗം അനിൽ കുമാറിന്റെ നിര്യാണത്തിൽ ഭാര്യ മീനയ്ക്ക് വെൽഫെയർ ഫണ്ട് ചെയർമാൻ കെ എസ് സച്ചുലാൽ ആറു ലക്ഷം രൂപ കൈമാറി. 60 വയസ്സുകഴിഞ്ഞ അംഗങ്ങളെ ആദരിക്കൽ, എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി, പി ജി, പി എച്ച് ഡി പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിക്കൽ തുടങ്ങിയവ നടന്നു. സെക്രട്ടറി എം യു തങ്കച്ചൻ, ജോ സെക്രട്ടറി അനീസ് എസ് തെരുവത്ത്, ട്രഷറർ സുനിൽ കുമാർ സി കെ, സംസ്ഥാന പാട്രൺ ജോർജ് വർഗ്ഗീസ് ജോസ്, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ ജെ ശ്രീജിത്ത്, പി ശ്രീവൽസൻ, ഗിരീഷ് കുമാർ കെ, സംസ്ഥാന സെക്രട്ടറി സക്കറിയ ഫാസിൽ, ജില്ലാ രക്ഷാധികാരി ടി പി ജോസ്, ജില്ലാ വൈസ് പ്രസിഡന്റ് ജോളി ലോറൻസ്, ജില്ലാ ജോയിന്റ് സെക്രട്ടറി ജാക്സൺ ജേക്കബ്, സംസ്ഥാന ജില്ലാ വൈസ് പ്രസിഡന്റ് ഹാഷിം ടി എന്നിവർ പ്രസംഗിച്ചു.

# ലുലുവിൽ വാർഷിക ഓഫറെന്ന പേരിൽ തട്ടിപ്പ്; ജാഗ്രത പാലിക്കണമെന്ന്

**കൊച്ചി:** ലുലുവിൽ വാർഷിക ഓഫറെന്ന പേരിലും ബലിപെരുന്നാളിനോട് അനുബന്ധിച്ച് ലുലു ഹൈപ്പർ മാർക്കറ്റ് സമ്മാനം നൽകുന്നുവെന്ന പേരിലും വ്യാജ പ്രചരണം. ഓൺലൈൻ ലിങ്കുകൾ കേന്ദ്രീകരിച്ച് തുടരുന്ന വ്യാജ പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തണമെന്ന് ലുലു അധികൃതർ അറിയിച്ചു. ലുലു വാർഷികത്തിന്റെ ഭാഗമായി സമ്മാനം നൽകുന്നു എന്ന പേരിലാണ് വാട്സ് ആപ്പിൽ ഓൺലൈൻ ലിങ്കുകൾ പ്രചരിക്കുന്നത്. ലിങ്കിൽ ക്ലിക്ക് ചെയ്താൽ കന്നട, തെലുങ്ക് ഭാഷകളിലുള്ള തട്ടിപ്പ് ലിങ്കിലേക്കാണ് എത്തുന്നത്. സമ്മാനം കിട്ടുമെന്നു കരുതി ക്ലിക്ക് ചെയ്യുന്നവർ ജാഗ്രത പുലർത്തണമെന്നും ലുലു അധികൃതർ അറിയിച്ചു. ലിങ്കിൽ ക്ലിക്ക് ചെയ്താൽ ലുലുവിന്റെ ലോഗോയോട് കൂടിയ പേജിലാണ് എത്തുക. ലുലു മാളിന്റെയും ചെയർമാൻ എം.എ. യൂസഫലി യുടെയും ചിത്രങ്ങളും ഇത്തരം തട്ടിപ്പ് ലിങ്കുകളിൽ ദുരുപയോഗം നടത്തിയിട്ടുണ്ട്. ചോദ്യങ്ങൾക്ക് ഉത്തരം നൽകി ഇരുപതിനായിരം രൂപ സമ്മാനം നേടാൻ അവസരം ലഭിക്കും എന്നാണ് പേജിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പേജിന് താഴെയായി സമ്മാനം ലഭിച്ചവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായും കാണാം. പ്രായം, സ്ത്രീയോ/പുരുഷനോ എന്നതുൾപ്പടെ നാല് ചോദ്യങ്ങൾക്ക് ഉത്തരം നൽകിയാൽ സമ്മാനാർഹനായി എന്ന സന്ദേശം വരും. പിന്നീട് സമ്മാനം തിരഞ്ഞെടുക്കാനുള്ള അവസരമാണ്. ഇരുപതിനായിരം രൂപ ലഭിച്ചതായും കാണിക്കും, ഇനി ഇത് ലഭിക്കുന്നതിനായി ഇതേ സന്ദേശം അവർ പറയുന്ന ആപ്പുകളിലെ 5 ഗ്രൂപ്പുകളിൽ 20 പേർക്ക് പങ്കിടണം എന്നാണ് പിന്നീട് അവശ്യപ്പെടുക. അതിന് ശേഷം മാത്രമേ സമ്മാനം ക്ലെയിം ചെയ്യാൻ സാധിക്കൂകയുള്ളൂ. ഇത്തരം വ്യാജ ലിങ്കുകൾക്കും സൈബർ തട്ടിപ്പുകൾക്കുമെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകുമെന്നും ജാഗ്രത പുലർത്തണമെന്നും ഇത്തരത്തിൽ യാതൊരു വിധ ഓഫറും പ്രഖ്യാപിച്ചിട്ടില്ലെന്നു ലുലു മാനേജ്മെന്റ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

# അമ്പത് വർഷം പിന്നിട്ട് മാസ

**കൊച്ചി:** ‘മാസ’ വിപണിയിലെത്തിയിട്ട് 50 വർഷം പിന്നിട്ടു. കൊക്കകോള 1976ലാണ് മാസ തുടങ്ങുന്നത്. ’പ്രോജക്ട് ഉന്നതി’യിലൂടെ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഉടനീളമുള്ള പഴവർഗ്ഗ കർഷകരുമായി കമ്പനി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി അൾട്രാഹൈഡെൻസിറ്റി പ്ലാന്റേഷൻ, ഡ്രിപ്പ് ഇറിഗേഷൻ സംവിധാനങ്ങൾ എന്നിവയുൾപ്പെടെയുള്ള സുസ്ഥിര കാർഷിക രീതികൾ കമ്പനി ഇവർക്ക് കൈമാറിയിട്ടുണ്ട്. ഇത് പഴങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും വിളവ് വർദ്ധിപ്പിക്കാനും രാജ്യത്തിന്റെ മാമ്പഴ കൃഷിയുടെ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താനും സഹായിച്ചിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# മീഡിയ കലോത്സവം സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിച്ച മീഡിയ കലോത്സവം രണ്ടാം എഡിഷൻ ചാവറ കൾച്ചറൽ സെന്ററിൽ നടന്നു. ചലച്ചിത്രതാരം സിജോയ് വർഗീസ് ഉദ്ഘാടനം ചെയ്തു. എം എൽ എ മാരായ ടി ജെ വിനോദ്, ദീപക് ജോയ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ് പ്രസംഗിച്ചു. പ്രസ്ക്ലബ് പ്രസിഡന്റ് ആർ ഗോപകുമാർ അധ്യക്ഷത വഹിച്ചു.

ഗായകൻ അലോഷി, പ്രസ്ക്ലബ് സെക്രട്ടറി ഷജിൽകുമാർ ട്രഷറർ അഷ്റഫ് തൈവളപ്പ് തുടങ്ങിയവർ സംസാരിച്ചു. മാധ്യമപ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കുമായി ഏഴ് കാറ്റഗറികളിലായി നടന്ന മത്സരത്തിൽ നൂറിലേറെപ്പേർ പങ്കെടുത്തു. ചാവറ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെയാണ് കലോത്സവം സംഘടിപ്പിച്ചത്. സമാപന സമ്മേളനത്തിൽ ടോണി ചമ്മണി എം. എൽ. എ, ചലച്ചിത്ര താരം വിജയ്ബാബു എന്നിവർ മുഖ്യാതിഥികളായി.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**ഐ.എച്ച്.ആർ. ഡി.ക്ക് കീഴിൽ തിരുവനന്തപുരത്തുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ വിവിധ ഇന്റേൺഷിപ്പ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പൈത്തൺ ജാംഗോ ഉപയോഗിച്ചുള്ള ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് എന്നീ കോഴ്സുകളിലാണ് ഇന്റേൺഷിപ്പ് അവസരമുള്ളത്.

താൽപ്പര്യമുള്ളവർക്ക് https://skillcentre.ihrd.ac.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. ഫോൺ :9495069307, 8547005087, 9400519491, 0471–2550612.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെ എം എ വാർഷിക അവാർഡുകൾ സമ്മാനിച്ചു




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) വാർഷിക അവാർഡുകൾ സമ്മാനിച്ചു. ഫ്രാക്റ്റൽ അനലിറ്റിക്സ് ചീഫ് ഇവാഞ്ചലിസ്റ്റ് ബിജു ഡൊമിനിക് മുഖ്യാതിഥിയായിരുന്നു. അറിവ് നേടാൻ നിരന്തരം പ്രയത്നിച്ച് കൊണ്ടേയിരിക്കണമെന്ന് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. കണ്ണും കാതും തുറന്ന് വയ്ക്കണം. അറിവിന്റെ കൂടുതൽ ആഴങ്ങളിലേക്ക് പോകാൻ തയാറാകണം. എങ്കിൽ മാത്രമേ ലോകോത്തര നിലവാരമുള്ള സ്ഥാപനം കെട്ടിപ്പടുക്കാൻ കഴിയു എന്നും അദ്ദേഹം പറഞ്ഞു. കെഎംഎ ഐ ടി ലീഡർഷിപ്പ് അവാർഡ് എക്സ്പീസ് പീരിയൻ ടെക്നോളജീസ് ഇന്ത്യപ്രൈവറ്റ് ലിമിറ്റഡ് എംഡിയും സിഇഒയുമായ ബിനു ജേക്കബിന് സമ്മാനിച്ചു. മാനേജർ ഓഫ് ദി ഇയർ പുരസ്കാരം മാൻ കാൻകർ ഇൻഗ്രീഡിയൻസ് എസൻഷ്യൽ ഓയിൽസ് വിഭാഗം ബിസിനസ് മേധാവി കമൽ രംഗനും സമ്മാനിച്ചു. കോർപ്പറേറ്റ് മാഗസിൻ വിഭാഗത്തിൽ പെട്രോനെറ്റ് എൽഎൻജി ലിമിറ്റഡ് ജേതാക്കളായി. സെയ്ന്റ് ഗിറ്റ്സ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജ്മെന്റ് ഫസ്റ്റ് റണ്ണറായി. മാനുഫാക്ചറിംഗ് ഇന്നവേഷൻസ് വിഭാഗത്തിൽ ബിപിസിഎൽ കൊച്ചി റിഫൈനറി ഒന്നാം സ്ഥാനവും ഹെർബൽ ഐസലേറ്റ്സ് രണ്ടാം സ്ഥാനവും നേടി.

ഇന്നവേറ്റീവ് എച്ച് ആർ ഇനിഷ്യേറ്റീവ്സ് വിഭാഗത്തിൽ അപ്പോളോ ടയേഴ്സ്, ഭൂമി നാച്ചറൽ പ്രൊഡക്റ്റ്സ് ആൻഡ് എക്സ്പോർട്സ് എന്നിവർ ഒന്നാം സ്ഥാനവും പെട്രോനെറ്റ് എൽഎൻജി രണ്ടാം സ്ഥാനവും മാൻ കാൻകൊർ മൂന്നാം സ്ഥാനവും നേടി.

ഡിജിറ്റൽ എക്സലൻസ് വിഭാഗത്തിൽ ഹെർബൽ ഐസലേറ്റ്സ് പുരസ്കാരം നേടി. വി സ്റ്റാർ ക്രിയേഷൻസ് രണ്ടാം സ്ഥാനവും ആൽബേർഷ്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജ്മെന്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. യങ് മാനേജേഴ്സ് കോൺടസ്റ്റിൽ വി ഗാർഡ് ഇൻഡസ്ട്രീസ് ജേതാക്കളായി. യു എസ് ടി രണ്ടാം സ്ഥാനവും മാൻ കാൻകൊർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജേതാക്കൾക്ക് ബിജു ഡൊമിനിക് അവാർഡുകൾ സമ്മാനിച്ചു. കെഎംഎ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. ജോ. സെക്രട്ടറി ലേഖ ബാലചന്ദ്രൻ, എന്നിവർ പ്രസംഗിച്ചു.

# ടാറ്റ റിയാൽറ്റിയും സെയിൽസ്ഫോഴ്സും സഹകരിക്കുന്നു




**കൊച്ചി:** ടാറ്റ ഗ്രൂപ്പിന്റെ സഹസ്ഥാപനമായ ടാറ്റ റിയാൽറ്റി ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (ടിആർഐഎൽ) തങ്ങളുടെ ഉപഭോക്തൃ സേവന രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലോകത്തിലെ മുൻനിര എഐ സിആർഎം കമ്പനിയായ സെയിൽസ്ഫോഴ്സുമായി സഹകരിച്ച് 'ഏജന്റ് ഫോഴ്സ് പ്ലാറ്റ്ഫോം നടപ്പാക്കി. ഈ സഹകരണത്തിലൂടെ ഉപഭോക്താക്കൾക്ക് ആദ്യ മറുപടി നൽകുന്നതിനുള്ള സമയം ദിവസങ്ങളിൽ നിന്ന് എട്ട് മണിക്കൂറായി കുറയ്ക്കാൻ കമ്പനിക്ക് സാധിച്ചുവെന്ന് ടാറ്റ റിയാൽറ്റി എംഡിയും സിഇഒയുമായ സഞ്ജയ് ദത്ത് പറഞ്ഞു. വാട്ട്സ്ആപ്പ്, എസ്എംഎസ്, ഇമെയിൽ തുടങ്ങിയ വിവിധ ചാനലുകളിലൂടെ 24 മണിക്കൂറും ഉപഭോക്തൃ ഇടപെടലുകൾ കൈകാര്യം ചെയ്യാനും ലീഡ് ക്വാളിഫിക്കേഷൻ നടത്താനും പുതിയ സംവിധാനം സഹായിക്കുന്നു. എഐ അധിഷ്ഠിത സംവിധാനത്തിന്റെ ഭാഗമായി ഡാറ്റ പരിവർത്തന നിരക്കിൽ 10% വർധനയും ലീഡ് ക്വാളിഫിക്കേഷനിൽ 30% മെച്ചവും ഇമെയിൽ ഓപ്പൺ നിരക്കിൽ 50 മുതൽ 60% വരെ വർധനയും രേഖപ്പെടുത്തി. ഉപഭോക്തൃ ആവശ്യങ്ങൾ കൂടുതൽ വേഗത്തിലും വ്യക്തിഗത രീതിയിലും കൈകാര്യം ചെയ്യാൻ ഈ കൂട്ടുകെട്ട് സഹായിക്കുന്നതായും സഞ്ജയ് ദത്ത് പറഞ്ഞു. ഇന്ത്യൻ റിയൽ എസ്റ്റേറ്റ് രംഗത്ത് എഐ അടിസ്ഥാനമാക്കിയ ഉപഭോക്തൃ അനുഭവത്തിന് പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്ന നീക്കമാണിതെന്ന് സെയിൽസ് ഫോഴ്സ് പ്രസിഡന്റും സിഇഒയുമായ അരുന്ധതി ഭട്ടാചാര്യയും വ്യക്തമാക്കി.

# ഗ്രേറ്റ് ക്യാമ്പയിനുമായി സ്കോഡ



**കൊച്ചി:** വാഹനങ്ങളുടെ പെർഫോമൻസ് മികവിനെ ഉയർത്തിക്കാണിച്ച് ഗ്രേറ്റസ്റ്റ് ഓൺ എ ട്രാക്ക് എന്ന പുതിയ ബ്രാൻഡ് ക്യാംപെയ്നുമായി സ്കോഡ. ഗ്രേറ്റസ്റ്റ് ഓഫ് ഓൾ ടൈം എന്നതിനെ ഗ്രേറ്റസ്റ്റ് ഓൺ എ ട്രാക്ക് എന്ന് പുനർനിർവചിച്ചുകൊണ്ടാണ് സ്കോഡ ഈ ക്യാംപെയ്നിലൂടെ വാഹനപ്രേമികളുടെ മുന്നിൽവയ്ക്കുന്നത്. സ്കോഡ വാഹനനിരയുടെ ശേഷികളും സുരക്ഷയും പുതിയ ക്യാംപെയ്ൻ ഉയർത്തിക്കാണിക്കുന്നു. കൃത്യത, നിയന്ത്രണം, ഡൈനാമിസം എന്നിവ ഉറപ്പുവരുത്തിയാണ് ഓരോ സ്കോഡയും നിർമിച്ചിരിക്കുന്നതെന്നും ഈ മികവാണ് ക്യാംപെയ്നിലൂടെ അവതരിപ്പിക്കുന്നതെന്നും സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

# മികച്ച വളർച്ചയുമായി മുത്തൂറ്റ് എംക്രെഡ്

**കൊച്ചി:** മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് 2026 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ചെയ്ത സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. കമ്പനിയുടെ ലാഭം, കൈകാര്യം ചെയ്യുന്ന ആസ്തി, പ്രവർത്തന മികവ് തുടങ്ങിയ മേഖലകളിൽ മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയത്. നികുതിക്കുശേഷമുള്ള ലാഭം മുൻ സാമ്പത്തിക വർഷത്തിലെ 94.18 കോടിയിൽ നിന്ന് 88% ഉയർന്ന് 176.90 കോടിയായി. ആസറ്റ്സ് അർ മാനേജ്മെന്റ് 60% വർധിച്ച് 2026 മാർച്ച് 31നോടെ 6,625.07 കോടിയായി.തുടർച്ചയായ പോർട്ട്ഫോളിയോ വിപുലീകരണം, ശക്തമായ ഉപഭോക്തൃ ആവശ്യം, സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ വളർച്ചയിൽ കമ്പനി നൽകുന്ന ശ്രദ്ധ എന്നിവയാണ് ഈ നേട്ടത്തിന് പിന്നിലെന്ന് മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.

